**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4872 22.05.2017 -ൽ മറുപടിക്ക്**

**കെ.എസ്.ടി.പി ഒന്നാം ഘട്ടം പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കെ.എസ്.ടി.പി ഒന്നാം ഘട്ടം പദ്ധതി നടത്തിപ്പിലെ വീഴ്ചയ്ക്ക് ആർബിട്രേഷൻ ട്രൈബ്യൂണൽ നഷ്ടപരിഹാരം വിധിച്ചിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) കെ.എസ്.ടി.പി ഒന്നാം ഘട്ടം പദ്ധതിയിൽ M/s PATI – BEL കമ്പനിയ്ക്ക് നൽകിയ കരാറുമായി ബന്ധപ്പെട്ട്, കമ്പനി 2007 വർഷത്തിൽ 35 കോടി രൂപയും പലിശയും നഷ്ടപരിഹാരം ആവശ്യപ്പെടുകയുണ്ടായി. ആയതിൽ 33 കോടി രൂപ നൽകുവാൻ സർക്കാർ തയ്യാറായി എങ്കിലും M/s PATI – BEL കമ്പനി അത് സ്വീകരിക്കാൻ തയ്യാറായില്ല. തുടർന്ന് 125 കോടി രൂപയും പലിശയും ഉൾപ്പെടെ ആവശ്യപ്പെട്ട് ആർബിട്രേഷൻ ട്രൈബ്യൂണലിനെ കമ്പനി സമീപിയ്ക്കുകയും ആയതിൽ 03.11.2015 തീയതിയിലെ അവാർഡ് പ്രകാരം 16,13,27,463/- രൂപയും പലിശയും നൽകുവാൻ വിധിയ്ക്കുകയുമുണ്ടായി. |
| (ബി) നഷ്ടപരിഹാരം യഥാസമയം നൽകാത്തതിനാൽ സംസ്ഥാന സർക്കാർ പ്രതിമാസം പലിശ നൽകുന്നുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ട്രൈബ്യൂണൽ വിധിക്കെതിരെ നിശ്ചിത സമയത്തിനുള്ളിൽ അപ്പീൽ നൽകിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) സർക്കാരിനും കെ.എസ്.റ്റി.പിയ്ക്കും അനുകൂലമായ ആർബിട്രേഷൻ ഉത്തരവായതിനാൽ അതിനെതിരെ അപ്പീൽ നൽകേണ്ടതില്ലെന്ന് നിയമോപദേശം ലഭിച്ചിരുന്നു. |
| (ഡി) ഒന്നാം ഘട്ട പദ്ധതി നടപ്പാക്കിയ കമ്പനിക്ക് യഥാസമയം പണം നല്കാതിരുന്നതിൽ മനംനൊന്ത് അതിന്റെ ഉന്നത ഉദ്യോഗസ്ഥൻ ആത്മഹത്യ ചെയ്ത സംഭവം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ക്രമക്കേടുകളുടെ ഉത്തരവാദികൾ ആരെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം നല്കാമോ? | (ഡി) ഒന്നാം ഘട്ട പദ്ധതി നടപ്പിലാക്കിയ കമ്പനിയിലെ ഉന്നത ഉദ്യോഗസ്ഥന് കെ.എസ്.ടി.പി. യുടെ ഭാഗത്തു നിന്നുള്ള വീഴ്ച മൂലം ആത്മഹത്യ ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |

S. Brindha

**സെക്ഷൻ ഓഫീസർ**